"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിസ്ഥിതി വകുപ്പ് - കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് - പത്തനംതിട്ട ഡിസ്ട്രിക്ട് ട്രഷറിയിലെ എൽ.ഡി. ടൈപ്പിസ്റ്റായ ശ്രീ.ആദർശ്.പി.എസ്.-ന്റെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലുള്ള അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.64/2025/ENVT തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. സർക്കാർ ഉത്തരവ് (സാധാ) നം.37/2024/ENVT - തീയതി 31.05.2024
2. ട്രഷറി ഡയറക്ടറുടെ 07.04.2025 തീയതിയിലെ TRY/1632/2025 - B5(E 144174) നമ്പർ കത്ത്.
3. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 11-04-2025 തീയതിയിലെ A2/111/2024/കെ.എസ്.ബി.ബി നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ ട്രഷറിയിലെ എൽ.ഡി. ടൈപ്പിസ്റ്റായ ശ്രീ. ആദർശ്. പി.എസ്-നെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ പ്രവേശന തീയതി മുതൽ ഒരു വർഷത്തേക്ക്നിയമിക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി 14.06.2025 ന് അവസാനിക്കുന്നതിനാൽ 15.06.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിൽ ടിയാളുടെ മാതൃവകുപ്പിന് എതിർപ്പില്ല എന്ന് പരാമർശം (2) കത്ത് പ്രകാരം കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു പത്തനംതിട്ട ജില്ലാ ട്രഷറിയിലെ എൽ.ഡി

ടൈപ്പിസ്റ്റായ ശ്രീ. ആദർശ്.പി.എസ്-ന്റെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലുള്ള അന്യത്ര സേവന കാലാവധി 15.06.2025 മുതൽ ഒരു വർഷത്തേക്കോ റഗുലർ നിയമനം നടക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതിന് നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UNNIKUTTAN S S

അണ്ടർ സെക്രട്ടറി

1. മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
2. ഡിസ്ട്രിക്ട് ട്രഷറി ഓഫീസർ, പത്തനംതിട്ട
3. ശ്രീ.ആദർശ്.പി.എസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് (മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേന).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള
5. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Royi J**
**Date: 17-06-2025 16:46:33**

സെക്ഷൻ ഓഫീസർ